DWCD/1047/2022-ICDS/B3

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :20.05.2022
ഇ-മെയിൽ :
directorate.wcd@kerala.gov.in
ഫോൺ നം : 0471-2346534

<u>പരിപത്രം</u>

വിഷയം: വനിതാ ശിശു വകുപ്പ് -ഐ. സി ഡി എസ് -**അങ്കണവാടികളിൽ പാൽ വിതരണം** നടത്തുന്നത് മാർഗ്ഗ നിർദ്ദേശം -സംബന്ധിച്ച്

സൂചന: 18.05.2022ൽ കൂടിയ സ്പെഷ്യൽ വർക്കിങ്ങ് ഗ്രൂപ്പ് തീരുമാനം.

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം ചുവടെ ചേർക്കുന്നു.

1. അങ്കണവാടിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാൽ നൽകേണ്ടതാണ്.
2. ഒരു കുട്ടിയ്ക്ക് 125ml പാൽ എന്ന അളവിൽ 500ml പാൽ 4 കുട്ടികൾക്ക് എന്ന് തോതിൽ തുല്യ അളവിൽ വീതിച്ച് നൽകേണ്ടതാണ്.
3. അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് തിങ്കൾ,വ്യാഴം ദിവസങ്ങളിൽ പ്രഭാത ഭക്ഷണത്തിനൊപ്പം തന്നെ തിളപ്പിച്ചാറ്റിയ പാൽ നൽകേണ്ടതാണ്.
4. തിങ്കൾ,വ്യാഴം ദിവസങ്ങൾ അവധിയാകുന്ന പക്ഷം, ബുധനാഴ്ചയോ,ശനിയാഴ്ചയോ പാൽ നൽകേണ്ടതും, ടി ദിവസങ്ങൾ അവധിയാകുന്ന പക്ഷം, മറ്റ് ദിവസങ്ങളിൽ പാൽ നൽകേണ്ടതാണ്.
5. ഇപ്പോൾ പഞ്ചായത്തുകൾ പാൽ വിതരണം ചെയ്യുന്നുണ്ടെങ്കിൽ അങ്കണവാടികളിൽ മേൽ ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ അത് തുടരാവുന്നതാണ്.
6. അങ്കണവാടിയിൽ വിതരണത്തിനായി ആവശ്യമായ പാൽ, മിൽമയിൽ നിന്നും വാങ്ങേണ്ടതാണ്.
7. മിൽമ പാൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അംഗീകൃത ക്ഷീര സൊസൈറ്റികളിൽ നിന്നും, മിൽമ പാലും,ക്ഷീര സൊസൈറ്റികളും ഇല്ലാത്ത സ്ഥലങ്ങളിൽ ക്ഷീര

കർഷകരിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. ഇവയൊന്നും ലഭ്യമല്ലാത്ത മലയോര ഗ്രാമ പ്രദേശങ്ങളിൽ, മിൽമയുടെ UHT പാൽ വിതരണം ചെയ്യേണ്ടതാണ്.

8. ഇത്തരത്തിൽ UHT പാൽ ആവശ്യമായ പ്രോജക്റ്റുകൾ/പഞ്ചായത്ത്/അങ്കണവാടിയുടെ വിശദാംശങ്ങൾ പ്രോഗ്രാം ഓഫീസർമാർ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. UHT പാൽ മിൽമ നേരിട്ട് ലഭ്യമാക്കുന്നതാണ്.

9. ഒരുകുട്ടിക്ക് 125 ml പാൽ എന്ന അളവിൽ പാൽ വിതരണം ചെയ്യേണ്ടതാണ്. ഒരു ദിവസം ഹാജരാകാത്ത കുട്ടിയുടെ പാൽ, അടുത്ത ദിവസം ഉച്ച ഭക്ഷണത്തിന് തൈരായോ, പുളിശ്ശേരിയായോ ഉൾപ്പെടുത്താവുന്നതാണ്

10. അങ്കണവാടി ഗുണഭോക്താക്കളുടെ എണ്ണം, ALMSC( Anganwadi Level Monitoring& Support committee ) കൂടി താരുമാനിക്കേണ്ടതാണ്.

11. അങ്കണവാടികളിൽ പാൽ വിതരണത്തിനായി പഞ്ചായത്ത് തലത്തിൽ 5 മാസത്തേയ്ക്ക് (2022 ജൂൺ - 2022 ഒക്ടോബർ, 2022നവംബർ-2023 മാർച്ച്) മാത്രം ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.

12. അങ്കണവാടികളിൽ പാൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ആവശ്യമായി വരുന്നതിനാൽ, സൂപ്പർവൈസർമാർ പഞ്ചായത്ത് തലത്തിൽ മിൽമ പാൽ നിശ്ചിത ദിവസങ്ങളിൽ അങ്കണവാടികളിൽ എത്തിക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും transportation charges ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 50/- രൂപയിൽ കവിയാതെ അഞ്ച് മാസത്തേയ്ക്ക് മാത്രം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അതത് സൂപ്പർവൈസർമാർ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

13. ഒരു സെക്ടർ/പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ മിൽമ/ ക്ഷീര സോസൈറ്റികളിൽ നിന്നും പാൽ വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശുവികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത സെക്ടർ/ പഞ്ചായത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായിരിക്കും എന്നും, ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പർവൈസർക്കാണ് എന്ന വിവരവും രേഖപ്പെടുത്തേണ്ടതാണ്.

14. ഒരു പ്രോജക്റ്റിൽ തന്നെ ഒന്നിൽ കൂടുതൽ സെക്ടർ/പഞ്ചായത്തുകൾക്ക് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഓരോ സെക്ടർ/പഞ്ചായത്തിനുവേണ്ടിയും സി.ഡി.പി.ഒ പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

15. ടെണ്ടർ ഫോമിന്റെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പ്രോജക്റ്റ് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

16. ടെണ്ടറിനോടനുബന്ധിച്ചുള്ള ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഓഫീസ് മേലധികാരിയായ സി.ഡി.പി.ഒ യുടെ പേരിൽ എടുക്കേണ്ടതും ഓഫീസ് തലത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി സി.ഡി.പി.ഒ സൂക്ഷിക്കേണ്ടതുമാണ്.

17. സെക്ടർ/പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന ക്വട്ടേഷൻ/ടെണ്ടറുകൾ സൂപ്പർവൈസർമാർ പരിശോധിച്ച് ശിശുവികസന പദ്ധതി ഓഫീസറുടെ അംഗീകാരം തേടേണ്ടതും ശിശുവികസന പദ്ധതി ഓഫീസർ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ/ടെണ്ടർ അംഗീകരിച്ച് നൽകേണ്ടതുമാണ്. ടെണ്ടർ അംഗീകാരം നേടിയ ശേഷം സൂപ്പർവൈസർ സപ്ലൈ ഓർഡർ പുറപ്പെടുവിച്ച് വാങ്ങൽ നടപടി പൂർത്തീകരിക്കേണ്ടതാണ്.

18. ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ഇ.എം.ഡി /സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ സൂപ്പർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർ ടെണ്ടറർക്ക് മടക്കി നൽകാവുന്നതാണ്.

19. ഒരു സൂപ്പർവൈസർക്ക് ഒന്നിൽ കൂടുതൽ സെക്ടർ/പഞ്ചായത്തുകളുടെ ചുമതലയുള്ള പക്ഷം, ടി സെക്ടറുകൾക്ക് പ്രത്യേകം വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

20. ഒരു പ്രോജക്ടിലെ എല്ലാ സെക്ടർ/പഞ്ചായത്തുകളുടേയും വാങ്ങൽ നടപടി പൂർത്തീകരിച്ച് സൂപ്പർവൈസർമാർ എല്ലാ രേഖകളും സി.ഡി.പി.ഒ യ്ക്ക് സമർപ്പിക്കേണ്ടതാണ്

21. ഒരു കുട്ടിയ്ക്ക് 125 ml എന്ന കണക്കിൽ ഓരോ പ്രോജക്ടിനും അഞ്ച് മാസത്തേയ്ക്ക് (ജൂൺ, ജൂലൈ. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ)ആവശ്യമായ പാലിന്റെ അളവ് ശിശുവികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 50/- രൂപ അധികരിക്കാതെ കണക്കാക്കി , പദ്ധതിയ്ക്ക് ആവശ്യമായ തുക പ്രോഗ്രാം ഓഫീസറെ അറിയിക്കേണ്ടതും, ക്രോഡീകരിച്ച വിവരം പ്രോഗ്രാം ഓഫീസർമാർ ജൂൺ 15 നകം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്..

22. ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന ടി റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ പാൽ വിതരണത്തിന് ഓരോ ജില്ലയ്ക്കും ആവശ്യമായ തുക 2235-02-102-22 എന്ന ശീർശകത്തിൽ നിന്നും ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിക്കുന്നതാണ്.

23. സൂപ്പർവൈസർമാർ മിൽമ/ പ്രാദേശിക അംഗീകൃത പാൽ വിതരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും ക്വട്ടേഷൻ വ്യവസ്ഥയിൽ പാൽ വാങ്ങേണ്ടതും, പാലിന്റെ ബില്ലുകൾ മാസാടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ബില്ലുകൾ പരിശോധിച്ച് ആവശ്യമായ തുക ക്രോഡീകരിച്ച് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർക്ക് തുക അലോട്ടമെന്റായി അനുവദിക്കേണ്ടതാണ്.

24. ജില്ലാ വനിത ശിശുവികസന ഓഫീസിൽ നിന്നും അലോട്ടമെന്റായി തുക ലഭ്യമാകുന്ന മുറയ്ക്ക് ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട കരാറുകാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറേണ്ടതാണ്.
25. സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ബില്ലുകളും മറ്റ് രേഖകളും ശിശുവികസന പദ്ധതി ഓഫീസർമാർ സൂക്ഷിക്കേണ്ടതും, ആഡിറ്റ് പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്. ശിശുവികസന പദ്ധതി ഓഫീസർമാർ സമർപ്പിക്കുന്ന രേഖകൾ ജില്ലാ വനിത ശിശുവികസന ഓഫീസർ/പ്രോഗ്രാം ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.
26. ഡയറക്ടറേറ്റിൽ നിന്നും പാൽ വിതരണത്തിന് കിട്ടുന്ന ആദ്യ ഘട്ട അലോട്ടമെന്റിന്റെ ((ജൂൺ, ജൂലൈ. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ) ധനവിനിയോഗ സാക്ഷ്യപത്രം(UC)നവംബർ 15 നകം പ്രോഗ്രാം ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ് . ഇതോടൊപ്പം രണ്ടാം ഘട്ട റിക്വയർമെന്റ് (2022നവംബർ-മാർച്ച 2023), തുക ഉൾപ്പെടെ കണക്കാക്കി സമർപ്പിക്കേണ്ടതാണ് .
27. രണ്ടാം ഘട്ട ക്വട്ടേഷൻ /ടെണ്ടർനടപടികൾ ഒക്ടോബർ മാസം തന്നെ നടപടി സ്വീകരിച്ച് പദ്ധതി തടസ്സം വരാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
28. പാൽ വിതരണവുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്റർ വർക്കർമാർ അങ്കണവാടികളിലും, സൂപ്പടവൈസർമാർ പഞ്ചായത്ത് തലത്തിലും സൂക്ഷിക്കണ്ടതും, സൂപ്പർവൈസർമാർ / ശിശുവികസന പദ്ധതി ഓഫാസർമാർ അവ കൃത്യമായി പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
29. സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ബില്ലുകൾ ശിശുവികസന പദ്ധതി ഓഫീസർമാർ സൂക്ഷ്മ പരിശോധന നടത്തേണ്ടതും, ബിൽ തുക അനുവദിച്ച ശേഷം രേഖകൾ ശേഖരിച്ച് നടപടിക്രമങ്ങളുടേയും, ബില്ലുകളുടേയും പകർപ്പുകൾ ആഡിറ്റ് പരിശോധനയ്ക്കായി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ